2. ജില്ലാതലത്തിൽ എൻ.ആർ.എച്ച്.എം. പ്രവർത്തനങ്ങൾ മുഖ്യമായും പി.എച്ച്.സി./ബി.പി.എച്ച്.സി./സി.എച്ച്.സി. തലങ്ങളിലാണ് നടക്കുന്നത്. എല്ലാമാസവും അഞ്ചാം പ്രവൃത്തിദിനം ഈ പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ അവലോകനം ചെയ്യപ്പെടുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6-ാം പ്രവൃത്തിദിനം ജില്ലാതലത്തിൽ ജില്ലാമെഡിക്കൽ ഓഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ മറ്റ് പ്രോഗ്രാം ഓഫീസർമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഇത് അവലോകനംചെയ്ത് വിലയിരുത്തപ്പെടുന്നു.

3. ഇതിനുപുറമെ പി.എച്ച്.സി./ബി.പി.എച്ച്.സി./സി.എച്ച്.സി./താലൂക്ക് തലങ്ങളിൽ എൻ.ആർ.എച്ച്.എം. പ്രവർത്തനങ്ങൾ ആശുപത്രി വികസന സമിതികൾ മുഖേനയും വിലയിരുത്തപ്പെടുന്നു.

പാലക്കാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

43 (1766) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് നിയോജക മണ്ഡലത്തിൽ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദവിവരം നൽകുമോ ?

ഉത്തരം

പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ 2009-10-ലെ വികസന പദ്ധതികളിൽ ഉൾപ്പെടുത്തി 60 ലക്ഷം രൂപ ചെലവിൽ എക്കോ കാർഡിയോഗ്രാം സൗകര്യവും ജില്ലാ പഞ്ചായത്തിന്റെയും സത്യസായി ട്രസ്റ്റിന്റെയും സഹകരണത്തോടെ ഒരു ഡയാലിസിസ് യൂണിറ്റും ഉൽഘാടനത്തിന് സജ്ജമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിൽ 10 ലക്ഷം രൂപ ചെലവിൽ ഫിസിക്കൽ മെഡിസിൻ അനക്സ് കെട്ടിടം പണി പൂർത്തീകരിച്ചുകഴിഞ്ഞു. എൻ.ആർ.എച്ച്.എം. 2 കോടി രൂപ ചെലവിൽ ട്രോമാകെയർ യൂണിറ്റ് നിർമ്മിച്ചു. ജില്ലാ ആശുപത്രിയിൽ നിന്നും സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗം വേർപെടുത്തി പ്രത്യേകം ആശുപത്രിയാക്കി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 25 ലക്ഷം രൂപ ചെലവഴിച്ച് ആന്റിനേറ്റൽ വാർഡ്, സ്റ്റെറിലൈസേഷൻ വാർഡ്, കമ്മ്യൂണിറ്റി ഹാൾ എന്നിവ നവീകരിക്കും.

എലപ്പുള്ളി സാമൂഹികാരോഗ്യകേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തി. കൂടാതെ പോളിക്ലിനിക് സംവിധാനവും സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

കോങ്ങാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ ഒരു പാലിയേറ്റീവ് ക്ലീനിക് പ്രവർത്തനം തുടങ്ങി. ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ ഓഫീസ്. ഒ.പി., ഐ.പി. വാർഡ് എന്നിവിടങ്ങളിൽ ടൈൽസ് പതിച്ചു.

പറളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ ഒ.പി. ബ്ലോക്ക്, അഡ്മിനിസ്ട്രറ്റീവ് ബ്ലോക്ക് എന്നിവിടങ്ങളിൽ ടൈൽസ് പതിച്ചു.

LIBRARY ARCHIVES Kerala Legislative Assembly